"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തസ്വഭവ- കോവിഡ്-19-ന്റെ ഭാഗമായി വാഴക്കാട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിരുന്ന ഡോമിസിലിയറി കെയർ സെന്ററിൽ (ഡി. സി. സി) 03/6/2021 മുതൽ 27/10/2021 വരെയുള്ള കാലയളവിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്ത ശ്രീമതി. ജിഷ പി. യ്ക്ക് പ്രതിമാസം 17,000/- രൂപ എന്ന നിരക്കിൽ വേതനം അനുവദിക്കുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2172/2025/LSGD തീയതി,തിരുവനന്തപുരം, 03-09-2025

---

പരാമർശം:-
1. 14.02.2018-ലെ G.O(Ms) 22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2. 20.07.2018 -ലെ NHM/ADMIN1/2016/SPMSU(I) നമ്പർ ഉത്തരവ്
3. 11.02.2021-ലെ സ. ഉ. (പി) 29/2021/ധന ഉത്തരവ്
4. 10.07.2023 ലെ DB3/143/2023/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
5. വാഴക്കാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 21.11.2023-ലെ തീരുമാനം നമ്പർ 08(01)
6. വാഴക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2023-ലെ A3-8806/2023 നമ്പർ കത്ത്
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.10.2024-ലെ LSGD/PD/11892/2024-PH2 നമ്പർ കത്ത്

## ഉത്തരവ്

കോവിഡ്-19-ന്റെ ഭാഗമായി വാഴക്കാട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിരുന്ന ഡോമിസിലിയറി കെയർ സെന്ററിൽ (ഡി.സി.സി) ശ്രീമതി. ജിഷ പി-യെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണ സമിതി യോഗം ചേർന്ന് തീരുമാനമെടുത്തിരുന്നില്ല എന്നതിനാലും വാർഷിക പദ്ധതിൽ തുക വകയിരുത്തി ടിയാൾക്കുള്ള വേതനം അനുവദിക്കാൻ സാധിച്ചിട്ടില്ലാത്തതിനാലും പരാമർശം (3) ഉത്തരവിലെ നഴ്സ് കാറ്റഗറിയിൽ ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 780/- രൂപ അനുവദിക്കാമെന്ന വ്യവസ്ഥ പ്രകാരം 146 ദിവസത്തിന് 780/- രൂപ തോതിൽ 113880/-(ഒരു ലക്ഷത്തി പതിമൂന്നായിരത്തി എണ്ണൂറ്റി എൺപത്) രൂപയോ ടിയാൾ ജോലി ചെയ്തതിനുള്ള പ്രതിഫലമായോ നൽകാവുന്ന സംഖ്യയോ അനുവദിക്കുന്നതിന് സാധൂകരണം നൽകണമെന്ന് പരാമർശം (5) ലെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാഴക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (6) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. ശ്രീമതി. ജിഷ 03.06.2021 മുതൽ 27.10.2021 വരെയുള്ള 146 ദിവസം കോവിഡ്-19 - ന്റെ ഭാഗമായി വാഴക്കാട് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയിരുന്ന ഡി.സി.സി.യിൽ സ്റ്റാഫായി പ്രവർത്തിച്ചിരുന്നുവെന്നും, പ്രതിദിനം 780/- രൂപ നിരക്കിൽ ആകെ 1,13,880/- രൂപ വേതനമായി നാളിതുവരെ നല്കിയിട്ടില്ലെന്നും, ടി

തുക നൽകുന്നതിനായി ഗ്രാമ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുവാൻ വിട്ടുപോയതാണെന്നും, അതിനാൽ ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ശിപാർശയോടെ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (4) സർക്കുലർ പ്രകാരം 2023 ഏപ്രിൽ മുതലാണ് പരാമർശം (3) പ്രകാരമുള്ള വേതനം (പ്രതി ദിനം 780/- രൂപ) പ്രാബല്യത്തിൽ വരുന്നതെന്നും ശ്രീമതി. ജിഷ ജോലി നോക്കിയിരുന്നത് 2021 - ജൂൺ മുതൽ 2021- ഒക്ടോബർ വരെയാണെന്നും പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ (പദ്ധതി മാർഗ്ഗ രേഖ) ആരോഗ്യ വകപ്പിന്റെ അഡ്ഹോക് നിയമന പ്രകാരമുള്ള വേതനമാണ് ദിവസ വേതനടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന സ്റ്റാഫുകൾക്ക് ഈ കാലയളവിൽ നൽകി വന്നിരുന്നത് എന്നും അത് പ്രകാരം ആരോഗ്യ വകുപ്പിന്റെ പരാമർശം (2) ഉത്തരവ് പരിശോധിച്ചതിൽ സ്റ്റാഫ് നഴ്സിന്റെ വേതനം പ്രതിമാസം 17,000/- രൂപയാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോവിഡ്-19-ന്റെ ഭാഗമായി വാഴക്കാട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിരുന്ന ഡോമിസിലിയറി കെയർ സെന്ററിൽ 03/06/2021 മുതൽ 27/10/2021 വരെയുള്ള കാലയളവിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്തിരുന്ന ശ്രീമതി. ജിഷ പി. യ്ക്ക് പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രതിമാസം 17,000/- രൂപ എന്ന നിരക്കിൽ വേതനം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 08-09-2025 12:45:07

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്